# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1395 — 06.03.2018 ലെ മറുപടിക്ക്

**<u>തീരദേശമേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എയർപോർട്ട് അതോറിറ്റിയുടെ അനുമതി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.ടി.ബൽറാം | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്തെ തീരദേശമേഖല ഉൾപ്പെടുന്ന 20 വാർഡുകളിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും എയർപോർട്ട് അതോറിറ്റിയുടെ അനുമതി വേണമെന്ന ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പ് പുറത്തിറക്കിയിട്ടുണ്ടോ; | (എ) എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ നിർദ്ദേശിച്ച കളർ കോഡഡ് സോണിംഗ് മാപ്പിലെ (CCZM) വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ തീരദേശമുൾപ്പെടുന്ന 20 വാർഡുകൾ എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കളർ കോഡഡ് സോണിംഗ് മാപ്പിലെ റെഡ് സോണിൽ ഉൾപ്പെടുന്നവയാണ്. ഈ സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണത്തിന് എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ NOC ആവശ്യമാണ്. |
| (ബി) അനുമതി ലഭിച്ച കെട്ടിടങ്ങൾ പണിയുവാൻ കഴിയാതെയും, പണി പൂർത്തിയായ കെട്ടിടങ്ങൾക്ക് നമ്പർ ലഭിക്കാതെയും ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം പാവപ്പെട്ടവർക്ക് നൽകുന്ന വീടുപോലും ഈ ഉത്തരവ് മൂലം പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) ഉണ്ട്. |
| (ഡി) രണ്ട് നിലകളിൽ കൂടുതലുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് മാത്രമേ എയർപോർട്ട് അതോറിറ്റിയുടെ അനുമതി ആവശ്യമുള്ളൂ എന്ന രീതിയിൽ ഉത്തരവ് ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 32(2) പ്രകാരം വിമാനത്താവളങ്ങൾക്ക് സമീപമുള്ള കെട്ടിടങ്ങൾ, ഘടനകൾ, പ്രതിഷ്ഠാനങ്ങൾ എന്നിവയുടെ ഉയരം സംബന്ധിച്ചുള്ള നിബന്ധനകൾ 1934-ലെ വ്യോമയാന ആക്റ്റിന്റെ കീഴിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ഏതൊരു വിജ്ഞാപനത്തിനും വിധേയമായിരിക്കുന്നതാണ്. 1934-ലെ വ്യോമയാന ആക്റ്റ് കേന്ദ്ര നിയമമായതിനാൽ സംസ്ഥാന സർക്കാരും ആയത് പാലിക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**